

# എന്റെ കൂടപ്പിറപ്പ്

## ഇരുശരീരമെങ്കിലും ഒരൊറ്റ ആത്മാവെന്ന ചൊല്ല് ഞങ്ങളെ സംബന്ധിച്ചിടത്തോളം അർത്ഥപൂർണ്ണമാണ്

■ **ആന്റണി തോമസ്**



സി.കെ. ചന്ദ്രപ്പൻ

ഇരട്ടകൾ എന്നാണു സഖാവ് എം.എൻ. ഗോവിന്ദൻ നായർ ഞങ്ങളെ–എന്നെയും ചന്ദ്രപ്പനെയും വാത്സല്യത്തോടെ വിളിച്ചിരുന്നത്. എന്തുകാര്യവും ആരെങ്കിലും ഒരാളോടു പറഞ്ഞാൽ മതിയാകും എന്നാണു അദ്ദേഹം പറയാറുണ്ടായിരുന്നത്. അത്രത്തോളം വേർപിരിയാത്തതും സ്നേഹഭരിതവുമായിരുന്നു ഞങ്ങളുടെ ബന്ധം. അവന്റെ മരണം വരെയും ഒരിക്കലും ഉലച്ചിൽ തട്ടാത്ത സ്നേഹബന്ധം. ഏറ്റവും അടുത്ത സഖാവും ഏറ്റവും അടുത്ത സുഹൃത്തും അതായിരുന്നു എനിക്ക് അവൻ.

എസ്.എഫിന്റെ–അന്നത്തെ വിദ്യാർത്ഥി ഫെഡറേഷൻ– നേതൃത്വത്തിൽ വരുന്നതിനു മുൻപുതന്നെ ഞങ്ങളുടെ സൗഹൃദം തുടങ്ങിയിരുന്നു. തൃശ്ശിനാപ്പള്ളി കോളേജിൽനിന്ന് സമരം ചെയ്തതിന് പുറത്താക്കപ്പെട്ട ഞാൻ 1950–51 കാലത്ത് കൊല്ലം ഫാത്തിമ മാതാ കോളേജിൽ പഠിക്കാനെത്തി. അവിടെയും വിദ്യാർത്ഥി സമരത്തെ തുടർന്ന് ഞങ്ങൾ ഒൻപത് പേരെ പുറത്താക്കി. പി.കെ. വാസുദേവൻ നായരും മറ്റും അന്ന് അറസ്റ്റിലായി. പി.കെ.വി. അന്ന് എസ്.എഫ്. സംസ്ഥാന പ്രസിഡന്റ്. അങ്ങനെ ഞാൻ എറണാകുളം പോളിടെക്നിക്കിൽ പഠനത്തിനെത്തി. അന്നു തുടങ്ങിയ സൗഹൃദം ഞാൻ തേവര കോളേജിലും പിന്നീട് യു.സി. കോളേജിലും പഠിക്കുമ്പോഴേയ്ക്കും ദൃഢമായി. വർഷം 1951–52 എന്നു തോന്നുന്നു. അന്ന് ചന്ദ്രപ്പൻ ഡർബാർ ഹാളിനടുത്തുള്ള ഒരു ലോഡ്ജിൽ താമസം. ഞങ്ങളുടെ പ്രധാന ചർച്ചാവിഷയം പുസ്തകങ്ങളായിരുന്നു. ജോൺ ബെർഗറും മാർക്സിസ്റ്റ് കൃതികളുമൊക്കെ ചർച്ചാവിഷയങ്ങളായി.

കെ.എസ്.എഫിന്റെ പ്രവർത്തനം സജീവം.

1957–ൽ ആലുവയിൽ നടന്ന കെ.എസ്.എഫിന്റെ രണ്ടാം സംസ്ഥാന സമ്മേളനത്തിൽ ഞാൻ സംസ്ഥാന പ്രസിഡന്റും ചന്ദ്രപ്പൻ സംസ്ഥാന സെക്രട്ടറിയുമായി. സംഘടനാ പ്രവർത്തനത്തിന്റെ ഒരുമിച്ചുള്ള നാളുകൾ അവന്റെ വീടുമായും അടുത്ത ബന്ധമുണ്ടാക്കി. ചന്ദ്രപ്പന്റെ അച്ഛൻ കുമാരപ്പണിക്കരുടെ അമ്മ ജീവിച്ചിരിക്കുന്ന സമയം. ശരിക്കും ആജ്ഞാശക്തിയുള്ള സ്ത്രീയായിരുന്നു അമ്മ. കുറച്ചുനാൾ കാണാതിരുന്ന ശേഷം ഞാൻ വീട്ടിൽ ചെല്ലുമ്പോൾ അവർ പരിഭവിക്കും. "എടാ നിന്നേക്കാൾ വലിയ നേതാക്കളെ ഞാൻ കണ്ടിട്ടുണ്ടെന്നു" സ്നേഹത്തോടെ ശാസിക്കും. ചന്ദ്രപ്പന്റെ സഹോദരങ്ങളും എന്നെ അവരിലൊരാളായാണ് കണ്ടത്. അന്ന് എസ്.എഫിൽ എനിക്ക് തൃശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളുടെ ചാർജായിരുന്നു. ചന്ദ്രപ്പന് തെക്കൻ ജില്ലകളും. ഇരുവരും നിരന്തരമായ യാത്രകൾ നടത്തിയ കാലം. വിദ്യാർത്ഥി സംഘടനകൾക്കു മാത്രമല്ല പാർട്ടിക്കുപോലും ഇന്നത്തെപ്പോലെ സാമ്പത്തികം ഇല്ലാത്ത കാലം. ശരിക്കും ബുദ്ധിമുട്ടി. ചന്ദ്രപ്പന് പക്ഷേ അന്നും ഉറക്കം, ഭക്ഷണം ഇതൊന്നും പ്രശ്നമല്ല. എ.കെ.ജിയൊക്കെ എറണാകുളത്തു വരുമ്പോൾ എന്നെയും ചന്ദ്രപ്പനെയും കൂട്ടിക്കൊണ്ടുപോയി സുഭിക്ഷമായി ഭക്ഷണം വാങ്ങിത്തരുന്നതും ഓർമയുണ്ട്. സുശീലാ ഗോപാലനും ചന്ദ്രപ്പന്റെ ചീരപ്പൻചിറ കുടുംബവുമായും ബന്ധമുണ്ടല്ലോ.



1958–ൽ കോഴിക്കോടു നടന്ന കെ.എസ്.എഫ് സംസ്ഥാന സമ്മേളനം: ഇരിക്കുന്നവർ സി.കെ. ചന്ദ്രപ്പൻ, പി.കെ.വി, ആന്റണി തോമസ്

കമ്മ്യൂണിസ്റ്റായതിനും കുമ്പസാരം മുടക്കിയതിനും എന്നെ വീട്ടിൽനിന്നു പുറത്താക്കിയിരുന്നു. അച്ചന്മാരും കന്യാസ്ത്രീകളുമൊക്കെയുള്ള കുടുംബങ്ങളായിരുന്നു എന്റെ അപ്പനമ്മമാരുടേത്. വിമോചനസമരത്തിന്റെ കാലം. എന്നെയും ചന്ദ്രപ്പനെയും അക്കാലത്ത് സംരക്ഷിച്ചത് എം.എം. ലോറൻസാണ്. ഞങ്ങൾ ഒരുമിച്ച് ഒരുവീട്ടിൽ താമസമാക്കി. ഞങ്ങളുടെ വ്യക്തിബന്ധങ്ങൾ കൂടുതൽ വിശാലമാവുകയായിരുന്നു. പോണ്ടിച്ചേരിയിൽ നടന്ന വിദ്യാർത്ഥി–യുവജന സംയുക്ത സമ്മേളനത്തോടെ ചന്ദ്രപ്പൻ ദേശീയനേതൃത്വത്തിലെത്തി. ചന്ദ്രപ്പനും സുധാകർ റെഡ്ഡിയുമൊക്കെയായിരുന്നു നേതാക്കൾ. ഞാൻ 'ജനയുഗ'ത്തിൽ പത്രപ്രവർത്തകനാവുന്നു എം.എന്റെ നിർദ്ദേശപ്രകാരം. പന്തളം പി.ആർ. ഉൾപ്പെടെ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായതോടെ 'ജനയുഗ'ത്തിൽ പ്രവർത്തിക്കാൻ ആളില്ലാതായപ്പോളാണ് എം.എന്റെ നിർദ്ദേശം. എങ്കിലും ഞാൻ പോണ്ടിച്ചേരിക്കു ചെല്ലാൻ ആവശ്യപ്പെട്ട് തുടർച്ചയായി ചന്ദ്രപ്പന്റെ ടെലിഗ്രാം വരും. എനിക്കു പോവാനാവില്ലായിരുന്നല്ലോ. അങ്ങനെ ചന്ദ്രപ്പൻ ഡൽഹിയിലെത്തി പ്രവർത്തനം തുടങ്ങി. ഡൽഹി അവന്റെ വളർച്ചയിലെ ഒരു നിർണായക ഘടകമായിരുന്നു. സംഘടനാ പ്രവർത്തനത്തിലും ബൗദ്ധികശേഷിയിലുമൊക്കെ ഒരു പരിവർത്തനം അതുണ്ടാക്കി. അവന്റെ അടുത്ത സുഹൃത്തുക്കൾക്കൊക്കെ അതു നന്നായി മനസ്സിലാക്കാനായി. സംസ്ഥാന നേതൃത്വത്തിനെന്നപോലെ ദേശീയ നേതൃത്വത്തിനും ചന്ദ്രപ്പനിൽ താല്പര്യമായി. അങ്ങനെയാണ് 1971–ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ചന്ദ്രപ്പൻ തലശ്ശേരിയിൽ സ്ഥാനാർത്ഥിയാകുന്നത്. ഞാൻ അന്നു പാർട്ടി സെക്രട്ടേറിയേറ്റിൽ അംഗം. മണ്ഡലത്തിന്റെ ചുമതല എനിക്കും എസ്. കുമാരനും. പാർലമെന്റംഗമായി ചന്ദ്രപ്പൻ ഡൽഹിയിൽ താമസിക്കുമ്പോൾ, ഞാൻ സിപിഐയുടെ ദേശീയ വിദ്യാഭ്യാസ കൗൺസിൽ അംഗം എന്നനിലയിൽ അവിടെയെത്തുമ്പോഴെല്ലാം ചന്ദ്രപ്പന്റെ കൂടെയാണു താമസം. വർഷങ്ങളുടെ ഡൽഹിവാസം ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലെ പാർട്ടി നേതാക്കളുമായി ചന്ദ്രപ്പന് ബന്ധമുണ്ടാക്കിയിരുന്നു. ചന്ദ്രപ്പൻ വഴി ഞാനും മിക്കവരെയും പരിചയപ്പെട്ടു.


## കണ്ണൂരിലെ തെരഞ്ഞെടുപ്പുകാലം

'77–ൽ അടിയന്തരാവസ്ഥയ്ക്കുശേഷമുള്ള തെരഞ്ഞെടുപ്പിൽ ചന്ദ്രപ്പൻ കണ്ണൂരിൽ സ്ഥാനാർത്ഥിയായി. അന്നും പാർട്ടി സെന്ററിൽനിന്നുള്ള തെരഞ്ഞെടുപ്പു ചുമതല എനിക്കായിരുന്നു. കണ്ണൂർ റെയിൽവേ സ്റ്റേഷനു സമീപമുള്ള ഭാരത് ടൂറിസ്റ്റ് ഹോമിൽ ഞങ്ങളൊ

രുമിച്ചു താമസം. കണ്ണൂരിൽ സി.പി.ഐ ദുർബലമായിരുന്നു. എങ്കിലും ഞങ്ങൾ അന്നത് അനുഭവിക്കാതിരുന്നത് ചന്ദ്രപ്പന്റെ വ്യക്തിബന്ധങ്ങൾ കാരണമാണെന്നു എനിക്കു തോന്നുന്നു. പാർട്ടി ബന്ധങ്ങൾക്കതീതമായിരുന്നു അവയെന്നു എനിക്ക് മനസ്സിലായി. എല്ലാവരുടെയും ആദരവ് നേടിയെടുക്കാൻ അവന്റെ സൗമ്യമായ ഇടപെടലുകൾക്കു കഴിഞ്ഞു. അന്ന് എതിർചേരിയിലായിരുന്ന കടുത്ത മാർക്സിസ്റ്റുകാരുടെ വീടുകളിൽ ചെല്ലുമ്പോൾ ഭക്ഷണവും മറ്റും തന്ന് അവർ ചന്ദ്രപ്പനെ സ്നേഹത്തോടെ സ്വീകരിച്ചിരുന്നത് ഓർമ വരുന്നു. സൗമ്യവ്യക്തിത്വത്തിനു പുറമെ മറ്റു പല സ്വഭാവഗുണങ്ങളും അവനെ ജനപ്രിയനാക്കി. പ്രശ്നങ്ങളെ ഏകാഗ്രതയോടെ സമീപിക്കുന്നതും ജനങ്ങളുടെ ആവശ്യങ്ങൾ നേടാൻ അവയെ നിരന്തരം വിടാതെ പിന്തുടരുന്നതും ഒക്കെ അതിൽപെടുന്നു. ഇന്ന് ഉമ്മൻ ചാണ്ടിയുടെയും മറ്റും ജനങ്ങളുമായുള്ള ബന്ധത്തെക്കുറിച്ച് എല്ലാവരും പുകഴ്ത്തുമ്പോഴും അതിനും വർഷങ്ങൾക്കു മുമ്പുതന്നെ ഇത്തരം കാര്യങ്ങളിൽ ചന്ദ്രപ്പൻ പുലർത്തിയിരുന്ന ശ്രദ്ധ കാണാതെ പോവുന്നു. ചന്ദ്രപ്പന് ഒരു ആവശ്യമുന്നയിച്ചു കത്തയച്ചാൽ അതിനു മറുപടി കിട്ടാതെ പോവുമായിരുന്നില്ല. പാർട്ടി പ്രവർത്തനത്തിലും ഈ ചിട്ട അവൻ പിന്തുടർന്നിരുന്നു. കാര്യങ്ങൾ പഠിക്കുന്നതിൽ കാണിക്കുന്ന സൂക്ഷ്മശ്രദ്ധയും സംഘാടകത്വവും ഒപ്പം ബൗദ്ധികശേഷിയും ചന്ദ്രപ്പനുണ്ടായിരുന്നു.

കോൺഗ്രസ്സ് ബന്ധമായാലും വർഗീയശക്തികളെ ചെറുക്കേണ്ടതിനു കൈക്കൊള്ളേണ്ട നയപരമായ നീക്കങ്ങളായാലും തന്റെ വാദങ്ങൾ അന്നും ശക്തമായി പാർട്ടി സമ്മേളനങ്ങളിൽ ചന്ദ്രപ്പൻ അവതരിപ്പിച്ചിരുന്നു. കമ്മ്യൂണിസ്റ്റു പാർട്ടി പിളർപ്പിന്റെ സമയത്തും ഞങ്ങൾക്ക് യാതൊരു ആശയക്കുഴപ്പവുമുണ്ടായിരുന്നില്ല. ചന്ദ്രപ്പനെ ഡാംഗേയിസ്റ്റ് എന്നു ചിലർ മുദ്രകുത്തുമ്പോൾ സാന്ദർഭികമായി പറയട്ടെ ഞങ്ങൾ ഇരുവരെക്കുറിച്ചും ഈ ആരോപണം നേരത്തെതന്നെ ഉയർന്നിരുന്നതാണ്.

ഡൽഹി ജീവിതത്തിനിടെ ഒരു ദിവസം എന്നെ അവൻ വിളിക്കുന്നു. അദ്ഭുതമുണർത്തിയ ഒരു കാര്യം പറയാൻ. “എടാ ഞാൻ കല്യാണം കഴിക്കാൻ പോവുകയാണ്.” ആരെന്നു ചോദിച്ചപ്പോൾ ബുലുവാണ്. ബുലു അന്ന് പാർലമെന്ററി പാർട്ടി ഓഫീസിൽ പ്രവർത്തിക്കുന്നു. ഒളിച്ചുവെച്ച ഒരു ഇഷ്ടം. ബുലുവിനും ചന്ദ്രപ്പനെപ്പോലെ ബൗദ്ധികമായ കഴിവുകളുണ്ട്. അവൻ ആശുപത്രിയിൽ കിടക്കുമ്പോൾ ഞാൻ കാണാൻ പോയില്ല. പാർട്ടിയെ ഊർജസ്വലമാക്കാനുള്ള ഒരുപാട് സ്വപ്നങ്ങളുമായാണ് അവൻ തിരുവനന്തപുരത്തെത്തിയത്. പത്രത്തിന് കൂടുതൽ എഡിഷനുകൾ, സ്വന്തമായി ചാനൽ പോലും. ആറു പതിറ്റാണ്ടു നീണ്ട ഞങ്ങളുടെ ഹൃദയബന്ധത്തിനിടയ്ക്കുവെച്ച് അവൻ കടന്നുപോയി. അവന്റെ മൃതദേഹവും വഹിച്ചുള്ള അന്ത്യയാത്ര വരുമ്പോഴാണ് ഈസ്റ്ററോടനുബന്ധിച്ചുള്ള പ്രത്യേക പ്രാർത്ഥനകൾക്കുശേഷം എന്റെ മകൾ പള്ളിയിൽനിന്നും പുറത്തിറങ്ങുന്നത്. കണ്ണീരോടെ നിശ്ചലം നിന്നുപോയി അവൾ. കുറേനേരം കഴിഞ്ഞിട്ടും കാണാതെ, അന്വേഷിച്ചപ്പോൾ അവൾ കരഞ്ഞുകൊണ്ടുനിൽക്കുകയാണ്. തലമുറകളിലേക്കു കണ്ണിചേരുന്ന സ്നേഹസ്മരണയാണു ഞങ്ങൾക്കു ചന്ദ്രപ്പൻ.


എന്നും സ്വീകാര്യൻ